പണി ഇതുവരെ നടന്നിട്ടില്ല. പൈപ്പ് സിസ്റ്റം വർദ്ധിപ്പിച്ചുവെങ്കിലും ഇൻടേക്ക് വർക്കും ട്രാൻസ്മിഷൻ മെയിൻ വർക്കും പൂർത്തീകരിക്കാത്തതു കൊണ്ട് ഉദ്ദേശിച്ചിട്ടുള്ള പ്രയോജനം കിട്ടിയിട്ടില്ല. അതുകൊണ്ട് ആ വർക്കുകൂടി പൂർത്തിയാക്കി കഴിയുമ്പോൾ ഇന്നുള്ള കുടിവെള്ള പ്രശ്നത്തിന് പരിഹാരമുണ്ടാക്കാൻ കഴിയും. എത്രയും വേഗത്തിൽ അതിനുവേണ്ട നടപടികൂടി സ്വീകരിക്കുന്നതാണ്.

(4) പട്ടാമ്പി താലൂക്ക് രൂപീകരണം

ശ്രീ. കെ.ഇ. ഇസ്മയിൽ: സർ, പട്ടാമ്പി കേന്ദ്രമായി ഒരു താലൂക്ക് രൂപീകരിക്കണമെന്ന ആവശ്യത്തിന് വളരെയധികം കാലദൈർഘ്യമുണ്ട്. എന്റെ മുൻഗാമികളായ ശ്രീ. എം.പി. ഗംഗാധരനും സഖാവ് ഇ.പി. ഗോപാലനും ഈ ആവശ്യം തന്നെ പല പ്രാവശ്യം ഉന്നയിച്ചിട്ടുള്ളതാണ്. പട്ടാമ്പി, തൃത്താല, ശ്രീകൃഷ്ണപുരം, ഒറ്റപ്പാലം തുടങ്ങിയ നാലു മണ്ഡലങ്ങളും ഉൾക്കൊള്ളുന്ന നമ്മുടെ സംസ്ഥാനത്തിലെ തന്നെ ഒരു വലിയ താലൂക്കാണ് ഒറ്റപ്പാലം. ആ താലൂക്കിൽ നിന്നാണ് പട്ടാമ്പി താലൂക്ക് രൂപീകരിക്കണമെന്ന ആവശ്യം ഉയർന്നുവന്നിട്ടുള്ളത്. ഇതിന്റെ അടിസ്ഥാനത്തിൽ ജനസംഖ്യാപരമായും, ഭൂമിശാസ്ത്രപരമായും ഇത് വിഭജിക്കേണ്ടതാണെന്ന് നമ്മുടെ ഗവൺമെന്റ് നിയോഗിച്ച കമ്മിറ്റി തന്നെ ഈ ഗവൺമെന്റിന് റിപ്പോർട്ട് അവതരിപ്പിച്ചിട്ടുണ്ട്. സഖാവ് പി.എസ്. ശ്രീനിവാസൻ റവന്യൂ മന്ത്രിയായിരിക്കുമ്പോൾ ഇതിന് നടപടികൂടി ആരംഭിച്ചതാണ്. അപ്പോഴാണ് ആ നടപടികൂടി തുടർന്നു കൊണ്ട് പോകാൻ കഴിയാതെ വന്നത്. അതുകൊണ്ട് ബഹുമാനപ്പെട്ട പി.ജെ. ജോസഫിന്റെ നേതൃത്വത്തിലെങ്കിലും ഇതു നടത്തുമെന്ന് വിശ്വസിക്കുകയാണ്. അവിടെ താലൂക്ക് ഓഫീസ് ഒഴിച്ച് ഒരു താലൂക്കിനാവശ്യമുള്ള എല്ലാ ഓഫീസുകളും നല്ല നിലയിൽ പ്രവർത്തിച്ചുകൊണ്ടിരിക്കുകയാണ്. പുതിയ സാമ്പത്തിക ബാദ്ധ്യതയില്ലാതെ തന്നെ താലൂക്ക് പ്രക്രിയ പൂർത്തിയാക്കാൻ കഴിയും. അതുകൊണ്ട് സാമ്പത്തിക ബാദ്ധ്യത വരുന്നില്ല. ജനങ്ങളുടെ ആഗ്രഹങ്ങൾ പൂവണിയാൻ തക്ക വിധത്തിൽ ബഹുമാനപ്പെട്ട മന്ത്രിയെങ്കിലും താലൂക്ക് രൂപീകരണ പ്രഖ്യാപനം നടത്തണമെന്ന് അഭ്യർത്ഥിക്കുകയാണ്.

റവന്യൂ വകുപ്പുമന്ത്രി (ശ്രീ. പി.ജെ. ജോസഫ്): സർ, ഇത് നയപരമായ ഒരു കാര്യമാണ്. താലൂക്കുകൾ മൊത്തത്തിൽ പുനഃസംഘടിപ്പിക്കുന്ന ഘട്ടത്തിൽ പട്ടാമ്പി താലൂക്കിന്റെ കാര്യവും പരിഗണിക്കുന്നതാണ്.

(5) തലശ്ശേരി–കൂർഗ് റോഡിൽ ഓവർബ്രിഡ്ജ് പണിയാൻ നടപടി

ശ്രീ. കോടിയേരി ബാലകൃഷ്ണൻ: സർ, തലശ്ശേരി–കൂർഗ് റോഡിൽ ഒന്നാം റെയിൽവേ ഗേറ്റിൽ ഓവർബ്രിഡ്ജ് ഇല്ലാത്തതുമൂലം വാഹന യാത്രക്കാർ അനുഭവിക്കുന്ന ബുദ്ധിമുട്ടുകൾ വിവരണാതീതമാണ്. അതിന്റെ തൊട്ടപ്പുറത്തുള്ള ഓവർബ്രിഡ്ജാണെങ്കിൽ പൊളിയാറായ അവസ്ഥയിലാണ്. ഈ പരിതഃസ്ഥിതിയിൽ ഒന്നാം റെയിൽവേ ഗേറ്റിലെ ഓവർബ്രിഡ്ജ് നിർമ്മാണം അടിയന്തിരമായും പൂർത്തിയാക്കുന്നില്ലായെങ്കിൽ ആ പ്രദേശത്തെ ജനങ്ങൾ വളരെയധികം വിഷമത്തിലാകും.

LIBRARY ARCHIVES Kerala Legislative Assembly